**പതിനാലാം കേരളനിയമസഭ**
**ഒമ്പതാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം: *25** — **23.01.2018-ൽ മറുപടിക്ക്**

**ക്രമസമാധാനപാലനം**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.വി.പി.സജീന്ദ്രൻ**<br>**,, ഐ.സി.ബാലകൃഷ്ണൻ**<br>**,, സണ്ണി ജോസഫ്**<br>**,, റോജി എം. ജോൺ** | **പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
| (എ) സംസ്ഥാനത്ത് കവർച്ചയും കൊലപാതകങ്ങളും ആവർത്തിക്കുമ്പോൾ പോലീസ് നിഷ്ക്രിയമാണെന്ന ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) അടുത്തടുത്ത ദിവസങ്ങളിൽ ചീമേനിയിൽ റിട്ടയേർഡ് അദ്ധ്യാപികയെ കഴുത്തറുത്ത് കൊലപ്പെടുത്തിയശേഷം നടത്തിയ മോഷണവും, തൃപ്പൂണിത്തുറയിൽ ദമ്പതികളെ കെട്ടിയിട്ട് കവർച്ച നടത്തിയ സംഭവവും തെളിയിക്കുന്നതിൽ പോലീസിനുണ്ടായതായി പറയപ്പെടുന്ന വീഴ്ച, ക്രമസമാധാനപരിപാലന രംഗത്തെ ആലസ്യം വെളിവാക്കുന്നതാണെന്ന് കരുതുന്നുണ്ടോ; | (ബി) കരുതുന്നില്ല. ചീമേനിയിൽ റിട്ടയേർഡ് അദ്ധ്യാപികയെ കൊലപ്പെടുത്തി നടത്തിയ മോഷണം തെളിയിക്കുന്നതിനായി കാസർഗോഡ് ജില്ലാ പോലീസ് മേധാവിയുടെ നേതൃത്വത്തിൽ പരിചയസമ്പന്നരും അന്വേഷണ വൈദഗ്ധ്യമുള്ളവരുമായ 25 അംഗ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം രൂപീകരിച്ച് അന്വേഷണം നടത്തി വരികയാണ്. പ്രതിയെ കണ്ടെത്തുന്നതിൽ കാലതാമസം നേരിടുന്നു എന്നല്ലാതെ പോലീസിന് വീഴ്ച സംഭവിച്ചിട്ടില്ല.<br>തൃപ്പൂണിത്തുറയിൽ ദമ്പതികളെ കെട്ടിയിട്ട് കവർച്ച നടത്തിയ സംഭവത്തിൽ കൊച്ചി റേഞ്ച് ഐ.ജി.യുടെ നേതൃത്വത്തിൽ വിപുലമായ ഒരു സ്പെഷ്യൽ ടീം രൂപീകരിച്ച് സംസ്ഥാനത്തിനകത്തും പുറത്തും ഓരോ ടീം അംഗങ്ങളെ നിയോഗിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ നൽകി പരമ്പരാഗതവും ആധുനികവും ശാസ്ത്രീയവുമായ അന്വേഷണ മാർഗ്ഗങ്ങൾ അവലംബിച്ച് പോലീസ് സേനയ്ക്ക് |

| | |
|---|---|
| | അഭിമാനാർഹമായ രീതിയിൽ കേസ് തെളിയിക്കുകയും 3 പ്രതികളെ ഡൽഹിയിൽ നിന്നും അറസ്റ്റ് ചെയ്തിട്ടുള്ളതുമാണ്. അപ്രകാരമുള്ള കുറ്റകൃത്യങ്ങൾ ആവർത്തിക്കാതിരിക്കുവാൻ കരുതൽ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) സംസ്ഥാനത്തെ ക്രമസമാധാനം വിലയിരുത്തുവാൻ ജില്ലാ പോലീസ് മേധാവികളുടെ യോഗം പോലീസ് ആസ്ഥാനത്ത് ചേരുന്ന പതിവുണ്ടോ; അവസാനമായി യോഗം ചേർന്നതെന്നാണ്; | (സി) ഉണ്ട്. 29/12/2017-ലാണ് അവസാനമായി യോഗം ചേർന്നത്. |
| (ഡി) എസ്.ഐ. മുതൽ എസ്.പി.മാർ വരെയുള്ള ഉദ്യോഗസ്ഥർക്ക് ആർക്കും മേലുദ്യോഗസ്ഥരോട് വിധേയത്വം ഇല്ലാത്ത അവസ്ഥ പോലീസ് സേനയിൽ സംജാതമായിട്ടുണ്ടോ; | (ഡി) എസ്.ഐ. മുതൽ എസ്.പി.മാർ വരെയുള്ള ഉദ്യോഗസ്ഥർക്ക് ആർക്കും മേലുദ്യോഗസ്ഥരോട് വിധേയത്വം ഇല്ലാത്ത അവസ്ഥ ഇപ്പോൾ പോലീസ് സേനയിൽ നിലവിലില്ല. |
| (ഇ) സംസ്ഥാനത്ത് ക്രമസമാധാന നില സംരക്ഷിക്കുന്നതിനും ജനങ്ങളുടെ ജീവനും സ്വത്തിനും ഉറപ്പ് വരുത്തുന്നതിനും ഉതകുന്ന ഒരു പോലീസ് സംവിധാനം സാധ്യമാക്കുവാൻ അടിയന്തിര നടപടി കൈക്കൊള്ളുമോ? | (ഇ) സംസ്ഥാനത്ത് ക്രമസമാധാന നില സംരക്ഷിക്കുന്നതിനും ജനങ്ങളുടെ ജീവനും സ്വത്തിനും ഉറപ്പ് വരുത്തുന്നതിനും ഉതകുന്ന രീതിയിലുള്ള ഒരു പോലീസ് സംവിധാനമാണ് സംസ്ഥാനത്ത് ഇപ്പോൾ നിലവിലുള്ളത്. |

**സെക്ഷൻ ഓഫീസർ**